വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി നൂറുദ്ദീൻ) : സർ, ബഹുമാന്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വിഷയത്തെ സംബന്ധിച്ചിടത്തോളം സാധാരണ വനംവകുപ്പിലെ ദൈനംദിന പ്രവർത്തനങ്ങളെല്ലാംതന്നെ പൊറിക്കരാറിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. പൊറിക്കരാർ സാധാരണ ഈ പ്രവർത്തനങ്ങൾ എടുത്തു ശീലമുള്ള, അതിനെക്കുറിച്ച് നിശ്ചയമുള്ള ആളുകളെ തെരഞ്ഞുപിടിച്ചാണ് ഡിപ്പാർട്ടുമെന്റ് ഏൽപ്പിക്കുന്നത്. അവിടെയും പൊറിക്കരാറിന്റെ അടിസ്ഥാനത്തിൽ ജോലികൾ ചെയ്യിച്ചിട്ടുണ്ട്. ഇപ്പോൾ ഇപ്പിടെ ആവശ്യപ്പെട്ട കൂലികൂടുതലിനുവേണ്ടിയുള്ള സമരം ഉണ്ടായത് 1985 ഏപ്രിൽമാസം തുടങ്ങി 1985 ജൂലൈ മാസത്തിൽ അവസാനിച്ച പ്രവർത്തനങ്ങൾക്കുവേണ്ടിയാണ്. 1986 ഫെബ്രുവരി മാസത്തിലാണ് പുതിയ അവകാശവാദവുമായിട്ട് അവർ മുന്നോട്ടുവന്നത്. പൊറി കരാറിന്റെ അടിസ്ഥാനത്തിൽ ജോലിചെയ്യുന്നതുകൊണ്ട് ഡിപ്പാർട്ടുമെന്റിന് ബാക്കി കൂലി കൊടുക്കുന്നതോ അല്ലെങ്കിൽ തീർത്തുകൊടുക്കുന്നതോ ആയിട്ടുള്ള ബാദ്ധ്യതയില്ല. ഏതായാലും അതിന്റെ പ്രവർത്തനത്തിൽ ക്രമക്കേട് ഉണ്ടെന്ന് യൂണിയന്റെ ആൾക്കാരും ബഹുമാനപ്പെട്ട എം. എൽ. എ. യും ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം ഇതിനകംതന്നെ നടത്തിയിട്ടുണ്ട്. കൂടുതൽ അന്വേഷണങ്ങളും നടത്താൻ സി. സി. എഫ് (വിജിലൻസ്) നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ അന്വേഷണ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞശേഷം ഇതുസംബന്ധിച്ച് എന്തുചെയ്യാൻ കഴിയുമെന്ന് ഗവൺമെന്റ് ഗൗരവപൂർവ്വം ആലോചിക്കുന്നതാണ്.

(7) കിഴക്കേ കല്ലട പഞ്ചായത്തിലെ 'ഓണമ്പലം ബണ്ട്', പദ്ധതിയുടെ പണി പൂർത്തിയാക്കുന്നതു സംബന്ധിച്ച്

ശ്രീ. തോപ്പിൽ രവി : സർ, കിഴക്കേകല്ലട പഞ്ചായത്തിലെ ചിറ്റുമല ഏലായിലെ എഴുനൂറോളം ഹെക്ടർ ഇരിപ്പുകൃഷി വെള്ളം കയറി നശിക്കാതിരിക്കുന്നതിന് ഉദ്ദേശിച്ചുള്ള ഒരു പദ്ധതിയാണ് ഈ ഓണമ്പലം ബണ്ട് പദ്ധതി. 1977-ൽ അതിന്റെ പണി ആരംഭിച്ചതാണ്. അന്ന് 30 ലക്ഷം രൂപയായിരുന്നു എസ്റ്റിമേറ്റ്. ഇപ്പോൾ അതിന്റെ എത്രയോ ഇരട്ടിയായിക്കഴിഞ്ഞു. 7 വർഷമായിട്ടും അതിന്റെ പണി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പല കോൺട്രാക്ടർമാരും ഇതിന്റെ പണി പലപ്പോഴായി ഏറെടുത്തെങ്കിലും ഉപേക്ഷിച്ചു പോവുകയാണുണ്ടായത്. ഇപ്പോൾ ഒരു കോൺട്രാക്ടർ കേസുകൊടുത്തതിനെ തുടർന്ന് പണികളെല്ലാം സ്തംഭിച്ചിരിക്കയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കേസ്സുമൂലമുണ്ടായ സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും, 5 ലക്ഷം രൂപ കൺസ്ട്രക്ഷൻ കോർപ്പറേഷന് അഡ്വാൻസ് നൽകുകയുണ്ടായി. പക്ഷെ വീണ്ടും കോൺട്രാക്ടർ കോടതിയെ സമീപിച്ചതുമൂലം പണികൾ വീണ്ടും കേസിൽ കുരുങ്ങി കിടക്കുകയാണ്. കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് അതിന്റെ പണി ആരംഭിക്കുന്നതിന് ഇനിയും കാലതാമസം ഉണ്ടായാൽ 2,000-ത്തോളം വരുന്ന കർഷകരുടെ ഒരു ദീർഘകാലസ്വപ്നമാണ് ചാമ്പലാകുന്നത്. ഇപ്പോഴുള്ള ഇരുപ്പുകൃഷി ഒരു പൂവ് കൂടി കൃഷിചെയ്യുന്നതിന് സൗകര്യമുള്ള പ്രദേശമാണ്. ഏഴുവർഷമായി അത് മുടങ്ങിക്കിടക്കുകയാണ്. അതിന്റെ പണി എത്രയും വേഗം തീർക്കുന്നതിന് കേസും അതുമായി ബന്ധപ്പെട്ട നൂലാമാലകളും പരിഹരിച്ച് ആ പണി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഈ വർക്ക് 1976-77ലാണ് ആദ്യമായിട്ട് ടെൻഡർ വിളിച്ചത്. ഏൽപ്പിച്ചത്. കുറേ പണി തീർത്തശേഷം അവർ ഇട്ടേച്ചുപോയി. രണ്ടുപ്രാവശ്യം ടെൻഡർ വിളിച്ചും ആളുണ്ടായില്ല. മൂന്നാമതൊരാൾ വന്നു, അവരും വർക്ക് കുറച്ചുനടത്തി ഇട്ടേച്ചുപോയി. അവസാനം അത് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏറ്റെടുക്കാൻ വേണ്ട നിർദ്ദേശം നൽകി. അവർ ഏറ്റെടുത്തു. ആ സമയത്താണ് ചെയ്ത പണിയുടെ സംഖ്യയെ സംബന്ധിച്ചുള്ള തർക്കം ഉന്നയിക്കപ്പെട്ടത്. അത് ഇന്നു കോടതിയുടെ പരിഗണനയിലിരിക്കുകയാണ്. കോടതിയിൽനിന്ന് ആ കേസ് വെക്കേറ്റ് ചെയ്യുന്നതിനുവേണ്ടി ആവശ്യമായിട്ടുള്ള നടപടികളും സ്വീകരിക്കുന്നതാണ്. അത് കിട്ടിയശേഷം കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടു പോകുന്നതാണ്.

(8) തൃപ്പൂണിത്തുറ ഹിൽപാലസ് മ്യൂസിയം പൊതുജനദർശനത്തിന് തുറന്നുകൊടുക്കണമെന്ന ആവശ്യം

ശ്രീ. ബെന്നി ബഹനാൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട തൃപ്പൂണിത്തുറ ഹിൽപാലസ് കഴിഞ്ഞ രണ്ട് വർഷമായി ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റ് ഏറ്റെടുത്ത് അവിടെ ഒരു ആർക്കിയോളജിക്കൽ മ്യൂസിയം ആരംഭിച്ചിരിക്കുകയാണ്. ഉൽഘാടനം കഴിഞ്ഞതിനുശേഷം ഇന്നുവരെ അത് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ല. അതിനകത്ത് വേണ്ടത്ര സ്റ്റാഫിനെ ഇതുവരെ നിയമിച്ചിട്ടില്ല. അന്വേഷിച്ചപ്പോൾ അറിഞ്ഞത് കൊച്ചി രാജാവിന്റെ കിരീടവും സിംഹാസനവും തുടങ്ങി വളരെയേറെ വിലപ്പെട്ട സാധനങ്ങൾ അവിടെ സൂക്ഷിച്ചിട്ടുണ്ട്. അതിനു വേണ്ടിയുള്ള സെക്യൂരിറ്റി മെഷീനറി നടപ്പാക്കാൻ സാധിക്കാത്തതുകൊണ്ടാണ് അത് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയാത്തതെന്ന് അറിഞ്ഞു. കഴിഞ്ഞ രണ്ട് വർഷക്കാലമായി തുടക്കംകുറിച്ചിട്ട്. ഇന്നും പൂട്ടിക്കിടക്കുന്ന ഈ ആർക്കിയോളജിക്കൽ മ്യൂസിയം എത്രയും വേഗം തുറന്ന് പൊതുദർശനത്തിന് നൽകത്തക്ക ഒരു അവസരം ഉണ്ടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ എം. മാണി) : സർ, ഈ ഹിൽപാലസ് എന്നു പറഞ്ഞ് ഞങ്ങൾക്ക് കിട്ടിയത്, പൊളിഞ്ഞ കുറെ കെട്ടിടങ്ങളും കാടുപിടിച്ച ഒരു പറമ്പും മനുഷ്യസഞ്ചാരം ഇല്ലാത്ത ഒരു പ്രദേശവുംകൂടിയാണ്. കെട്ടിടങ്ങൾ നന്നാക്കി. ഇത് എല്ലാം ഒന്ന് ശരിപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. ഇനി പോലീസ് സെക്യൂരിറ്റി അവിടെ ആവശ്യമാണ്. വിലപ്പെട്ട ചില വസ്തുക്കൾ മഹാരാജാവിൽ നിന്നും കിട്ടി, അത് സൂക്ഷിക്കാൻ സെക്യൂരിറ്റിയുടെ ആവശ്യമുണ്ട്. ആ സെക്യൂരിറ്റി ഉടനെ ഏർപ്പെടുത്തി കഴിഞ്ഞാൽ പിന്നെ വാട്ടർസപ്ലൈയും എല്ലാം ശരിപ്പെടുത്തിക്കൊണ്ട് ഉടനെതന്നെ ഈ ദൃശ്യബിംബം പ്രവർത്തനക്ഷമമാക്കാമെന്ന് കരുതുകയാണ്. അപ്പോൾ സെക്യൂരിറ്റി സജ്ജീകരണങ്ങൾ പൂർത്തിയാക്കുക, അവശേഷിക്കുന്ന അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുക, പൂന്തോട്ടത്തിന് ജലവിതരണം ഏർപ്പെടുത്തുക മുതലായ അത്യാവശ്യം വേണ്ട ചില കാര്യങ്ങൾ പൂർത്തിയാക്കാനുണ്ട്. അതുകൊണ്ട് പത്ത് സെക്യൂരിറ്റി ഗാർഡുകളുടേയും ഒരു സെക്യൂരിറ്റി ഓഫീസറുടേയും തസ്തിക സൃഷ്ടിച്ച് ഇവരെയൊക്കെ നിയമിച്ചു കഴിഞ്ഞാൽ ഉടനടിതന്നെ പ്രവർത്തനക്ഷമമാക്കാം.

LIBRARY ARCHIVES Kerala Legislative Assembly